വച്ചുപിടിപ്പിക്കാനുള്ള തേക്ക്, വെള്ളമരങ്ങൾ മുതലായവയ്ക്കുപുറമെ വച്ചു പിടിപ്പിച്ചിട്ടുണ്ട്. കൂടാതെ പാമ്പ പ്രദേശത്തെ നിക്ഷിപ്ത വനഭൂമിയിൽ 40 ഏക്കറിൽ കാഫിയും കമ്പ മലയിൽ K.F.D.C. യുടെ ആഭിമുഖ്യത്തിൽ തേയിലക്കൃഷിയും ആരംഭിച്ചിട്ടുണ്ട്.

(സി) ഉണ്ട്.

കോഴിക്കോട് വിമാനത്താവളം

*93 [101] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് വിമാനത്താവളം നിർമ്മിക്കുന്നതിനുള്ള നടപടികൾ എവിടെവരെയായി;

(ബി) ഇക്കാര്യത്തിൽ കേന്ദ്രഗവൺമെൻറിന്റെ നിലപാടെന്താണ്;

(സി) കൊച്ചിയിലേക്ക് ബോയിംഗ് സർവ്വീസ് എന്നുമുതൽ തുടങ്ങാമെന്നാണ് പ്രതീക്ഷിക്കുന്നത്;

(ഡി) ജില്ലകൾ തമ്മിൽ ബന്ധിപ്പിക്കുന്ന വിമാനസർവ്വീസ് തുടങ്ങുന്നതിന് ഏതെങ്കിലും സ്ഥാപനത്തിന് അനുമതി നൽകിയിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ വിശദവിവരങ്ങൾ പറയാമോ?

ഗതാഗതവകുപ്പുമന്ത്രി (ശ്രീ. കെ. നാരായണക്കുറുപ്പ്):

(എ, ബി) പ്രസ്തുത വിമാനത്താവളത്തിന്റെ പുതുക്കിയ എസ്റ്റിമേറ്റിന് ഈ വർഷാവസാനത്തോടെ അനുമതി നൽകാമെന്നും ഇക്കൊല്ലം ഡിസംബറിലോ 1980 ആദ്യമോ പണി ആരംഭിക്കാമെന്നും പ്രതീക്ഷിക്കുന്നു എന്ന് കേന്ദ്രത്തിൽനിന്നും അറിയിച്ചിട്ടുണ്ട്.

(സി) കൊച്ചി വിമാനത്താവളത്തിൽ ബോയിംഗ് ഇറങ്ങുന്നതിന് ആവശ്യമായ ബാക്കി സ്ഥലം നേവിയുടെ അധീനതയിൽനിന്നും വിട്ടുകൊടുക്കുന്നതിനുള്ള അനുമതിക്കുവേണ്ടി പ്രതിരോധവകുപ്പിനെ സംസ്ഥാന ഗവൺമെൻറ് സമീപിച്ചിരിക്കുകയാണ്. അതു ലഭ്യമായതിനു ശേഷമേ ഇക്കാര്യത്തിൽ അനന്തര നടപടികൾ എടുക്കാൻ സാദ്ധ്യതയുള്ളൂ.

(ഡി) ഇല്ല. കോഴിക്കോട്–കൊച്ചി–തിരുവനന്തപുരം സർവ്വീസിനു മാത്രമേ ശുപാർശ ചെയ്തിട്ടുള്ളൂ.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

ഹരിജനങ്ങൾക്ക് വായ്പ നൽകുന്നതിനുള്ള പദ്ധതി

*94 [102] ശ്രീ. കല്ലട നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ തൽപരരായ ഹരിജനങ്ങൾക്ക് 10,000 രൂപ വീതം പലിശയില്ലാതെ നൽകുവാൻ വ്യവസായവകുപ്പ് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) അതിന് ആകെ എത്ര ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്;

(സി) ഓരോ ജില്ലയ്ക്കും എത്ര രൂപാവീതം;

(ഡി) ഓരോ ജില്ലയിലും കൂടുതൽ തുക അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

വ്യവസായവും വനവും വകുപ്പുമന്ത്രി (ശ്രീ. പി. എസ്. ശ്രീനിവാസൻ):

(എ) ഉണ്ട്.

(ബി) 2 ലക്ഷം രൂപ.

			രൂപ
(സി)	1. തിരുവനന്തപുരം	..	10,000
	2. കൊല്ലം	..	30,000
	3. ആലപ്പുഴ	..	30,000
	4. ഇടുക്കി	..	30,000
	5. കോട്ടയം	..	20,000
	6. എറണാകുളം	..	10,000
	7. തൃശ്ശൂർ	..	30,000
	8. പാലക്കാട്	..	10,000
	9. മലപ്പുറം	..	10,000
	10. കോഴിക്കോട്	..	10,000
	11. കണ്ണൂർ	..	10,000
			2 ലക്ഷം

(ഡി) നടപടി എടുത്തുവരികയാണ്.

കെ.എസ്.ആർ.ടി.സി. യുടെ പ്രവർത്തനം

*95 [103] ശ്രീ. വി. ജെ. ജോസഫ്: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

കെ.എസ്.ആർ.ടി.സി. യുടെ പ്രവർത്തനങ്ങൾ സംബന്ധിച്ചുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും നിർദ്ദേശങ്ങൾ സ്വീകരിക്കുന്നതിനും വേണ്ടി ഓരോ ജില്ലയിലേയും ജനപ്രതിനിധികളുടെ യോഗം വിളിച്ചുകൂട്ടിയതുകൊണ്ട് എന്തെങ്കിലും പ്രയോജനം ഉണ്ടായിട്ടുണ്ടോ?

ഗതാഗതവകുപ്പുമന്ത്രി (ശ്രീ. കെ. നാരായണക്കുറുപ്പ്):

ഉണ്ട്. പ്രാദേശികാവശ്യങ്ങൾ മനസിലാക്കുന്നതിനും യോഗത്തിന്റെ നിർദ്ദേശങ്ങൾ ഒരു പരിധിവരെയെങ്കിലും നടപ്പിലാക്കുന്നതിനും സഹായിച്ചിട്ടുണ്ട്.

വനം കൊള്ള

*96 [104] ശ്രീ. എം. കെ. കൃഷ്ണൻ:

,, സി. വാസുദേവമേനോൻ:

,, പി. വി. കുഞ്ഞിക്കണ്ണൻ:

,, പിണറായി വിജയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly